"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.ബിനുജി.ജി- മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III - നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.യു)വകുപ്പ്**

സ.ഉ.(സാധാ) നം.2535/2024/LSGD തീയതി,തിരുവനന്തപുരം, 24-12-2024

പരാമർശം:-

1. സ.ഉ(സാധാ)നം 1758/2018/തസ്വഭവ തീയതി 27.06.2018
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 20.02.2024 ലെ GE7/C/MCB19/ 542 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 01.08.2024 ലെ LSGD/PD/5900/2024-DEH2 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.ബിനുജി.ജി- യ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ നിയമനം ലഭിക്കുകയും, ടിയാൻ 29.06.2018 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് ടിയാൻ സമർപ്പിച്ചിരുന്ന അപേക്ഷയും, അനുബന്ധരേഖകളും തുടർനടപടികൾക്കായി പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിൽ രണ്ട് വർഷത്തെ ഡ്യൂട്ടിയാണ്. 29.06.2018 ൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ശ്രീ.ബിനുജി.ജി യുടെ പ്രൊബേഷൻ കാലയളവ് 29.06.2018 മുതൽ 28.06.2020 വരെയാണ്. ടിയാൻ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ നിർബന്ധിത വകുപ്പുതല പരീക്ഷയിൽ യഥാസമയം യോഗ്യത നേടിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ബിനുജി.ജി, 29.06.2018 മുതൽ 28.06.2020 വരെയുള്ള കാലയളവിൽ അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ടിയാന്റെ ജോലിയും സ്വഭാവും തൃപ്തികരമായിരുന്നുവെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ/അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണം(നഗരം) വകുപ്പിലെ ശ്രീ ബിനുജി.ജി യുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ പ്രൊബേഷൻ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20(ബി) പ്രകാരം 29.06.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ബിനുജി.ജി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 30-12-2024 10:22:59
സെക്ഷൻ ഓഫീസർ